Series #CDBA/S

**SET-4**

Q.P. Code **12/S**

Roll No. | | | | | | | | |

Candidates must write the Q.P. Code on the title page of the answer-book.

- ചോദ്യപേപ്പറിൽ അച്ചടിച്ച **15** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- ചോദ്യപേപ്പറിൽ **9** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുമുകൾഭാഗത്ത് കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
- **ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. രാവിലെ 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.
- Please check that this question paper contains **15** printed pages.
- Please check that this question paper contains **9** questions.
- Q.P. Code given on the right hand side of the question paper should be written on the title page of the answer-book by the candidate.
- **Please write down the serial number of the question in the answer-book before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം
# MALAYALAM

*അനുവദിച്ച സമയം : **3** മണിക്കൂർ* — *ആകെ മാർക്ക് : **80***

*Time allowed : **3** hours* — *Maximum Marks : **80***

**General Instructions :**

(i) *This question paper is divided into **two** sections.*

***Section A :*** *Reading Comprehension (VSAQ), Vocabulary Building, Prose and Poetry (MCQ)* *40 marks*

***Section B :*** *Grammar, Composition, Literature (Prose, Poetry and Supplementary)* *40 marks*

(ii) *It has total **9** questions.*

(iii) ***Section A :*** *4 questions no. 1 to 4.*

(iv) ***Section B :*** *5 questions no. 5 to 9.*

*Attempt questions as per specific instructions.*

*Write question no. in answer book before attempting it.*

*ചോദ്യ പേപ്പർ **2** വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു ആകെ **9** ചോദ്യങ്ങൾ ഉണ്ട്.*

*എ വിഭാഗത്തിൽ 4 ചോദ്യങ്ങൾ ഒന്നുമുതൽ നാല് (ജെ) വരെ. (1 മുതൽ 4 വരെ)*

*ബി വിഭാഗത്തിൽ 5 ചോദ്യങ്ങൾ 5(a) മുതൽ 9(c) വരെ. (5 മുതൽ 9 വരെ)*

## എ വിഭാഗം / SECTION A

**1.** തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം) *8 ×1=8*

ചരിത്രാതീതകാലം മുതൽക്കേ മനുഷ്യൻ സഞ്ചാരപ്രിയനാണ്. രാജ്യസഞ്ചാരം കൊണ്ടുണ്ടാകുന്ന പ്രായോഗികജ്ഞാനം സവിശേഷമായ ഒന്നാണെന്നതിൽ സംശയം ഇല്ല. ഇത് സാഹിത്യകാരൻമാരെ സംബന്ധിച്ചിടത്തോളം വിലപിടിച്ചതാണ്. ഭാവന, സൂക്ഷ്മ നിരീക്ഷണപാടവം, ചരിത്രജ്ഞാനം, ചടുല ഭാഷണസാമർത്ഥ്യം ഇവയെല്ലാം ഒരു സഞ്ചാരസാഹിത്യകാരന് അവശ്യം വേണ്ടതാണ്. താൻ സഞ്ചരിക്കുന്ന രാജ്യങ്ങളിലെ ജനങ്ങളെയും അവരുടെ ജീവിതത്തെയും സ്വന്തം ജീവിതാനുഭൂതികളുമായി സംയോജിപ്പിച്ച് വർണ്ണിക്കുമ്പോൾ

തന്റെ കൂടെ യാത്ര ചെയ്ത പ്രതീതി അനുവാചകനിൽ ഉളവാക്കാൻ കഴിയണം. അപ്പോഴാണ് സഞ്ചാരസാഹിത്യകാരൻ ശരിക്കും വിജയിക്കുന്നത്. തികച്ചും സാധാരണ കാര്യങ്ങൾ പറയുമ്പോൾപോലും ഉണ്ടാകുന്ന നാടകീയതയാണ് മറ്റൊരു ഘടകം. ലോക പര്യടനകൗതുകം ദിവ്യമായ ഒരു വിനോദമായി കരുതിയിരുന്ന എസ്. കെ. പൊറ്റെക്കാടിനെപ്പോലെ വിപുലമായ തോതിൽ സഞ്ചാരം നടത്തുകയും ഇത്രയേറ മികച്ച യാത്രാവിവരണഗ്രന്ഥങ്ങൾ എഴുതുകയും ചെയ്ത എഴുത്തുകാർ ഭാരതത്തിൽത്തന്നെ കുറവായിരിക്കും. യാത്രാനുഭവങ്ങൾ കാവ്യരചനയ്ക്കും കഥാസൃഷ്ടിക്കും കൂടി പ്രയോജനപ്പെടുത്തിയ സഞ്ചാരിയും വേറെയുണ്ടോ എന്ന് സംശയമാണ്. മലയാളത്തിലെ സഞ്ചാര സാഹിത്യത്തിന്റെ ചരിത്രം ആരംഭിക്കുന്നത് 'വർത്തമാനപ്പുസ്തകം അഥവാ റോമായാത്ര' എന്ന കൃതിയിൽ നിന്നാണ്. ഇതിന്റെ രചനാകാലത്തെപ്പറ്റി ഭിന്നാഭിപ്രായങ്ങളുണ്ട്. പാറേമ്മാക്കൽ തോമ്മാക്കത്തനാരാണ് വർത്തമാന പുസ്തകത്തിന്റെ കർത്താവ്. പൊറ്റെക്കാടിന്റെ സഞ്ചാര സാഹിത്യ കൃതികളാണ് മലയാളത്തിലെ യാത്രാവിവരണ ശാഖയ്ക്കു ലബ്ധപ്രതിഷ്ഠത നേടിക്കൊടുത്തത്. "എന്തും ഏതും അറിയാൻ കണ്ണുകൾ തുറന്നുവച്ച സ്നേഹഗായകനായ ആ നാടൻ മനുഷ്യനോടൊപ്പം ചെയ്ത യാത്ര എന്റെ ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട അനുഭവമാണ്" എന്ന് പ്രശസ്ത നോവലിസ്റ്റായ പുനത്തിൽ കുഞ്ഞബ്ദുള്ള പൊറ്റെക്കാടിനെ അനുസ്മരിക്കുന്നു. ആദ്യം ഇന്ത്യയിൽ പിന്നെ മലയ, സിംഗപ്പൂർ, ആഫ്രിക്ക, യൂറോപ്പ് തുടങ്ങിയ സ്ഥലങ്ങൾ അദ്ദേഹം സഞ്ചരിച്ചു. മിക്ക യാത്രകളും സാഹസിക പര്യടനങ്ങളായിരുന്നു. എല്ലാം സഹജമായ കഥാകഥന വൈഭവത്തോടെ അദ്ദേഹം വിവരിക്കുന്നു. വികാരത്തിന് അടിമപ്പെടാതെ ആത്മാർത്ഥവും വസ്തുനിഷ്ടവുമായി കണ്ട കാര്യങ്ങൾ വിലയിരുത്താൻ കഴിയുന്നു എന്നതാണ് അദ്ദേഹത്തിന്റെ മറ്റൊരു പ്രത്യേകത.

**ചോദ്യങ്ങൾ :**

(i) സഞ്ചാരസാഹിത്യകാരൻ എപ്പോഴാണ് ശരിക്കും വിജയിക്കുന്നത് ?

(ii) വർത്തമാനപ്പുസ്തകം ആരുടെ കൃതിയാണ് ?

(iii) ഒരു സാഹിത്യകാരന് അവശ്യം വേണ്ടത് എന്ത് ?

(iv) തന്റെ യാത്രാനുഭവങ്ങൾ എസ്. കെ. പൊറ്റെക്കാട് ഏതെല്ലാം കാര്യങ്ങൾക്കാണ് പ്രയോജനപ്പെടുത്തിയത് ?

(v) പ്രശസ്ത നോവലിസ്റ്റായ പുനത്തിൽ കുഞ്ഞബ്ദുള്ള എസ്. കെ. പൊറ്റെക്കാടിനെക്കുറിച്ച് എന്താണ് അനുസ്മരിക്കുന്നത് ?

(vi) പൊറ്റെക്കാടിന്റെ മിക്ക യാത്രകളും എങ്ങനെയുള്ളതായിരുന്നു ?

(vii) എസ്.കെ. പൊറ്റെക്കാടിന്റെ മറ്റൊരു പ്രത്യേകതയായി പറയുന്നത് എന്ത് ?

(viii) മലയാളത്തിലെ സഞ്ചാരസാഹിത്യത്തിന്റെ ചരിത്രം ആരംഭിക്കുന്നത് ഏത് കൃതിയിൽ നിന്നാണ് ?

**2.** തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക : (ഓരോന്നിനും ഓരോ മാർക്ക് വീതം) *7×1=7*

ഒരു കവിയുടെ സർഗ്ഗാത്മകപ്രതിഭ വിടർന്നു വരുന്നതെങ്ങനെയെന്ന കാര്യം ഇന്നും ദുരൂഹമായിത്തന്നെ അവശേഷിക്കുന്നു. വ്യത്യസ്തമായ പല ഘടകങ്ങൾ ഒത്തുചേരുന്നതുമൂലമാണ് കവിയുടെ മനസ്സ് അതിന്റെ ഏറ്റവും നല്ല അവസ്ഥയിൽ ആശയപ്രകാശന സമർത്ഥമാവുന്നത്. ഉള്ളൂർ ജന്മനാ ഒരു കവിയായിരുന്നു. ബുദ്ധികൂർമ്മത, ഭാവനയുടെ ധാരാളിത്തം, അനുപമമായ ഓർമ്മശക്തി, എപ്പോഴും ഉണർന്നിരിക്കുന്ന ജിജ്ഞാസ ഇവയെല്ലാം അദ്ദേഹത്തിന് സ്വായത്തമായിരുന്നു. ഇതിന്റെയൊക്കെ ഫലമായാണ് അദ്ദേഹം കവി മാത്രമല്ല ഒന്നാന്തരം ഗവേഷകനും, വിമർശകനും സംഘാടകനും ആയി ഉയിർ കൊണ്ടത്. ഈ ഘടകങ്ങളെല്ലാം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ അലിഞ്ഞു ചേർന്നിരുന്നു. കേവലം ഏഴുവയസ്സാവുമ്പോഴേയ്ക്ക്

കാവ്യശാസ്ത്രാദികളിൽ സാമാന്യത്തിൽ കവിഞ്ഞ അവഗാഹം അദ്ദേഹം നേടി. ചങ്ങനാശ്ശേരിയിലെ രവിവർമ്മയുടെ കീഴിൽ സംസ്കൃതമഹാകാവ്യങ്ങളുടെ പഠനത്തിൽ നേടാൻ കഴിഞ്ഞ വിജയം സംസ്കൃതത്തിൽ ഉപരിപഠനത്തിന് പ്രേരകമായിത്തീർന്നു. കൊച്ചു കുട്ടികൾ നെല്ലിക്ക പെറുക്കി രസിക്കുന്നതുപോലെയാണ് പരമേശ്വരൻ ശ്രീഹർഷന്റെ നൈഷധചരിതം, മേൽപ്പത്തൂർ നാരായണഭട്ടതിരിയുടെ പ്രബന്ധങ്ങൾ എന്നിവ പഠിച്ചത്. ഈ കൃതികൾ അദ്ദേഹം വാശിയോടെ അനായാസം ഹൃദിസ്ഥമാക്കുകയും ചെയ്തു. അസാധാരണമായ ഈ ഓർമ്മശക്തിമൂലമാണ് മഹാകവി വള്ളത്തോൾ അദ്ദേഹത്തെ 'ഒരു സഞ്ചരിക്കുന്ന സർവ്വവിജ്ഞാനകോശം' എന്നു വിളിച്ചത്. രവിവർമ്മത്തമ്പുരാന്റെ ലക്ഷ്മീപുരം കൊട്ടാരത്തിലെ പരിതസ്ഥിതികൾ ഉള്ളൂരിന് തന്റെ കവിത്വവാസന പ്രോത്സാഹിപ്പിക്കുവാനും സഹായകമായിരുന്നു. സാഹിത്യത്തിന്റെ രക്ഷകനായിരുന്ന രവിവർമ്മത്തമ്പുരാന്റെ കൊട്ടാരത്തിൽ കവികൾ നിത്യ സന്ദർശകരായിരുന്നു. കാവ്യാലാപനം, നിമിഷ കവിത, കവിതാഖ്യാനം മുതലായ സാഹിത്യവിനോദങ്ങളിൽ അവർ ഏർപ്പെട്ടു. കവിതയുടെ ഈ മലവെള്ളപ്പാച്ചിലിൽ മുങ്ങിപ്പോയ ഉള്ളൂരിന് രണ്ട് വഴികളേ ഉണ്ടായിരുന്നുള്ളൂ. ഒന്ന് ഈ ഒഴുക്കിന്റെ ഭാഗമായിത്തീരുക അല്ലെങ്കിൽ അതിൽ ആണ്ടുപോവുക. അതുകൊണ്ട് അദ്ദേഹം കവിതയെഴുതുക മാത്രമല്ല ചില പ്രസിദ്ധീകരണങ്ങളിൽ അവ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അക്കാലത്താണ് മലയാള മനോരമ പ്രസിദ്ധീകരണം ആരംഭിച്ചത്. അതിന്റെ ആദ്യലക്കത്തിലേയ്ക്ക് നമ്മുടെ യുവകവി 'രഥബന്ധ'ത്തിൽ ഒരു ശ്ലോകം അയച്ചുകൊടുത്തു.

**ചോദ്യങ്ങൾ :**

(i) മഹാകവി വള്ളത്തോൾ ഉള്ളൂരിന് നൽകിയ വിശേഷണം എന്ത് ?

(ii) ഉള്ളൂരിന്റെ കവിത്വവാസനയെ പ്രോത്സാഹിപ്പിക്കാൻ സഹായിച്ച ഘടകം ഏത് ?

(iii) ഉള്ളൂരിന് സ്വായത്തമായിരുന്ന കഴിവുകൾ ഏതെല്ലാം ?

(iv) രവിവർമ്മത്തമ്പുരാന്റെ കൊട്ടാരത്തിൽ നിത്യസന്ദർശകരായ കവികൾ ഏർപ്പെട്ടിരുന്ന സാഹിത്യവിനോദങ്ങൾ ഏതെല്ലാം ?

(v) നെല്ലിക്ക പെറുക്കി രസിക്കുന്നതു പോലെ പരമേശ്വരൻ പഠിച്ച കൃതികൾ ഏതെല്ലാം ?

(vi) ഏത് പ്രസിദ്ധീകരണത്തിന്റെ ആദ്യലക്കത്തിലേയ്ക്കാണ് യുവകവി രഥബന്ധത്തിൽ ഒരു ശ്ലോകം അയച്ചുകൊടുത്തത്?

(vii) ഇന്നും ദുരൂഹമായിത്തന്നെ അവശേഷിക്കുന്നത് എന്ത് ?

**3.** തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക : *7×1=7*

(i) 'വെയിൽ' എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ് ?

(A) ആതപം (B) അയനം

(C) നിടിലം (D) വാസരം

(ii) 'ഘാതകൻ' എന്ന പദത്തിന്റെ എതിർലിംഗം ഏത് ?

(A) ഘാതക (B) ഘാതിക

(C) ഘാതകി (D) ഘാതിനി

(iii) 'അരചൻ' എന്ന പദത്തിന്റെ ശരിയായ അർത്ഥം ഇവയിലേതാണ് ?

(A) മനുഷ്യൻ (B) രാജാവ്

(C) ഈശ്വരൻ (D) ജ്യേഷ്ഠൻ

(iv) കളത്രം -ഗാത്രം എന്നീവാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നതിൽ ഏതാണ് ?

(A) അരയന്നം - മുഖം (B) ഭാര്യ - ശരീരം

(C) യാത്ര - പ്രകാശം (D) വാക്ക് - രക്തം

(v) 'മാനസതാര്' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥമേത് ?

(A) മാനസമാകുന്ന താര്

(B) മാനസത്തിന്റെ താര്

(C) മാനസമായ താര്

(D) മാനസവും താരും

(vi) 'കാഷ്ഠം' എന്ന പദത്തിന്റെ നാനാർത്ഥമല്ലാത്തത് ഇവയിൽ ഏതാണ് ?

(A) വിറക്

(B) ഒരു അസുഖം

(C) വിസർജ്യം

(D) തടിക്കഷ്ണം

(vii) 'കാണാൻ കഴിയുന്നത്' എന്നതിന്റെ ഒറ്റപ്പദം ഇവയിൽ ഏതാണ് ?

(A) ദിഷ്ടം

(B) ശ്രേഷ്ഠം

(C) ദൃഷ്ടം

(D) അദൃഷ്ടം

(viii) സഹാനുഭൂതി - എന്നതിന്റെ ശരിയായ പിരിച്ചെഴുത്ത് ഏത് ?

(A) സഹാ + അനുഭൂതി

(B) സ + അനുഭുതി

(C) സഹ + അനുഭുതി

(D) സഹാനു + ഭൂതി

(ix) 'അധ്രുവം' എന്ന പദത്തിന്റെ വിപരീതപദം ഏതാണ് ?

(A) ശ്രവം

(B) ധ്യവം

(C) സ്രവം

(D) ധ്രുവം

(x) തന്നിരിക്കുന്നവയിൽ ശരിയായ പദം കണ്ടെത്തി എഴുതുക ?

(A) ഭ്രാതാവ്

(B) ബ്രാതാവ്

(C) ഭ്രാധാവ്

(D) ബ്രാദാവ്

**4.** തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക. (ഓരോന്നിനും രണ്ട് മാർക്ക് വീതം) (ഓരോന്നിലും ഓരോ ഉപചോദ്യവും ഉണ്ട്) : *9×2=18*

(a) ''ഇന്നു ഞാൻ സർവ്വപാഞ്ചാലരേയും വാസുദേവൻ കാണെത്തന്നെ കാലനൂർ പൂകിക്കും.''

(i) ആരാണ് ഇപ്രകാരം പറഞ്ഞത് ?

(A) ധൃഷ്ടദ്യുമ്നൻ (B) ദുര്യോധനൻ

(C) ദ്രൗണി (D) കൃപർ

(ii) അദ്ദേഹത്തിന് പാഠഭാഗത്ത് സൂചിപ്പിക്കുന്ന വിശേഷണമെന്ത് ?

(A) ഗുരുഘാതി (B) ശപിക്കപ്പെട്ടവൻ

(C) പുരുഷോത്തമൻ (D) സുയോധനൻ

(b) "പണ്ടു നിന്നെയൊരിളം കുരുന്നുതായ് കണ്ടുഞാൻ, സപദി വല്ലിയായി നീ"

(i) ആര് ആരോട് പറയുന്നതാണ് ഇത് ?

(A) ദിവാകരൻ നളിനിയോട്

(B) ലക്ഷ്മണൻ ശ്രീരാമനാട്

(C) ശ്രീരാമൻ ലക്ഷ്മണനോട്

(D) നളിനി ദിവാകരനോട്

(ii) ഈ വരികൾ ഉൾക്കൊള്ളുന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽ പ്പെടുന്നു ?

(A) കിളിപ്പാട്ട്

(B) തുള്ളൽ

(C) മഹാകാവ്യം

(D) ഖണ്ഡകാവ്യം

(c) (i) പുഴയുടെ നടുക്കെത്തിയപ്പോൾ വെള്ളായിയപ്പനെ തളർത്തിയത് എന്ത് ?

(A) കുളിയുടെ അനുഭവം

(B) കാറ്റുവീശുന്നത്

(C) മങ്ങിയ ചിത്രങ്ങൾ പതിച്ച ചുവരുകൾ

(D) പരൽ മീനുകൾ കാൽവണ്ണയെ തഴുകിയത്

(ii) വെള്ളായിയപ്പന്റെ മകന്റെ പേരെന്ത് ?

(A) കണ്ടുണ്ണി

(B) ചാക്കുണ്ണി

(C) കൊച്ചുണ്ണി

(D) കുഞ്ഞുണ്ണി

(d) "സ്വന്തം ജീവിതത്തിൽ നിന്നും ഒരു ഭാഗം തന്നെ ആരോ പറിച്ചു മാറ്റുന്നതുപോലെ അയാൾക്ക് തോന്നി"

(i) എപ്പോഴാണ് അങ്ങനെ തോന്നിയത് ?

(A) മകൻ മരിച്ചപ്പോൾ

(B) മകനെ വധശിക്ഷയ്ക്കു മുമ്പ് കണ്ടപ്പോൾ

(C) റേഡിയോ പണയം വെയ്ക്കുമ്പോൾ

(D) അസ്തപ്രജ്ഞനായി കുരുക്ഷേത്ര ഭൂമിയിൽ കിടന്നപ്പോൾ

(ii) ഇവിടെ 'അയാൾ' എന്ന് സൂചിപ്പിക്കുന്നത് ആരെയാണ്?

(A) വെള്ളായിയപ്പൻ

(B) ചാക്കുണ്ണി

(C) ദുര്യോധനൻ

(D) ദ്രൗണി

(e) "ത്വങ്മാംസരക്താസ്ഥി വിൺമൂത്രരേതസാം സമ്മേളനം പഞ്ചഭൂതകനിർമ്മിതം"

(i) പഞ്ചഭൂത നിർമ്മിതമായിട്ടുള്ളത് എന്ത് ?

(A) ശരീരം (B) ഭോഗം

(C) അഹി (D) കളത്രം

(ii) ഈ വരികളുടെ ഉപജ്ഞാതാവിന് യോജിക്കാത്ത വിശേഷണം ഏത് ?

(A) ആധുനിക മലയാള ഭാഷയുടെ പിതാവ്

(B) പ്രാചീന കവിത്രയത്തിൽ ഒരാൾ

(C) ആധുനിക കവിത്രയത്തിലെ ആശയഗംഭീരൻ

(D) കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്

(f) (i) എന്തു നൽകിയാണ് പുള്ളുവനെ പെട്ടെന്ന് പറഞ്ഞയയ്ക്കാൻ നോക്കുന്നത് ?

(A) പണവും വസ്ത്രവും കൊടുത്ത്

(B) വീണയും പണവും കൊടുത്ത്

(C) പഴവും അരിയും പപ്പടവും കൊടുത്ത്

(D) ഓണക്കോടിയും പലഹാരങ്ങളും വസ്ത്രവും കൊടുത്ത്.

(ii) എന്തു പറഞ്ഞാണ് പരിഷ്കാരികൾ പുള്ളുവനെ പരിഹസിക്കുന്നത് ?

(A) പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു പാട്ട്

(B) താളമില്ലാത്ത പാട്ട്

(C) കൈയിൽ ചാഞ്ഞു കിടക്കുന്ന ശബ്ദമില്ലാത്ത വീണ

(D) പാടാൻ അറിയാത്ത പാട്ടുകാരൻ

(g) പിൻസീറ്റിലെത്രയ്ക്കു നേരെയിരുത്തീട്ടു മോരം ചെരിഞ്ഞു മടങ്ങിയിരുന്നു.

(i) ആരെക്കുറിച്ചാണ് ഈ വരികളിൽ പരാമർശിക്കുന്നത്?

(A) ഭാര്യ

(B) മകൻ

(C) അമ്മ

(D) ആളുകൾ

(ii) റഫീഖ് അഹമ്മദിന്റെ കൃതികളിൽ ഉൾപ്പെടാത്ത കൃതി ഏത് ?

(A) ഗ്രാമ വൃക്ഷത്തിലെ കുയിൽ

(B) തോരാമഴ

(C) ശിവകാമി

(D) ഗ്രാമ വൃക്ഷത്തിലെ വവ്വാൽ

(h) ''യാത്രയിൽ ഒരു ഘട്ടം താണ്ടിയതുപോലെ വെള്ളായിയപ്പന് തോന്നി''

(i) എപ്പോൾ?

(A) ചവിട്ടടിപ്പാത വെട്ടുവഴിയിൽ ചേർന്നപ്പോൾ

(B) ജയിലിൽ എത്തിയപ്പോൾ

(C) ഗുമസ്തൻ ചീട്ടെടുത്ത് അച്ചുകുത്തി പുറത്തേക്കിട്ടപ്പോൾ

(D) റെയിൽവേ പ്ലാറ്റ്ഫോമിൽ ചെന്നിരുന്നപ്പോൾ

(ii) തന്റെ യാത്രയിൽ അന്നാദ്യമായി വെള്ളായിയപ്പന് അപരിചിതമായി തോന്നിയത് എന്ത് ?

(A) പുഴയിലെ വെള്ളം

(B) കരിമ്പനപ്പട്ടകളിൽ കാറ്റിരമ്പുന്നത്

(C) നീലിമണ്ണാത്തിയുടെ വാക്കുകൾ

(D) ചവിട്ടടിപ്പാത

(i) (i) ആരുടെ പുത്രനാണ് ദ്രൗണി?

(A) ധൃതരാഷ്ട്രരുടെ പുത്രൻ

(B) ഭീമന്റെ പുത്രൻ

(C) ദ്രോണാചാര്യരുടെ പുത്രൻ

(D) ദുര്യോധനന്റെ പുത്രൻ

(ii) കൗരവപ്പടയിൽ മരിക്കാതെ അവശേഷിച്ച മൂന്നുപേരിൽ ഉൾപ്പെടാത്തത് ആരാണ് ?

(A) അശ്വത്ഥാമാവ്

(B) കൃതവർമ്മാവ്

(C) സഞ്ജയൻ

(D) കൃപർ

(j) "പിന്നെ മിക്കവാറും ദ്രവിച്ച റബ്ബർ ചെരിപ്പിട്ട് ആണി ബാധിച്ച കാലുകൾ മണ്ണിലൂടെ ഇഴച്ചുകൊണ്ട് അയാൾ തിരിഞ്ഞു നോക്കാതെ നടന്നു"

(i) ആരാണ് നടന്നത് ?

(A) വെള്ളായിയപ്പൻ

(B) ചെമ്പുമത്തായി

(C) കുട്ട്യസ്സൻ മാപ്പിള

(D) ചാക്കുണ്ണി

(ii) എവിടെ നിന്നാണ് അയാൾ തിരിഞ്ഞു നോക്കാതെ നടന്നത് ?

(A) കടൽത്തീരത്തു നിന്ന്

(B) ചെമ്പുമത്തായിയുടെ വീട്ടിൽ നിന്ന്

(C) ജയിലിൽ നിന്ന്

(D) ആശുപത്രിയിൽ നിന്ന്

## ബി വിഭാഗം / SECTION B

**5.** (a) അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക : *2 ×1=2*

(i) വെയിലിന്റെ മുകൾത്തട്ടിലെവിടെനിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു.

(ii) ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്ന ദരിദ്രനായ തയ്യൽക്കാരനാണ് ചാക്കുണ്ണി.

(b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. *2 ×1=2*

(i) ആളുകൾ കൊല്ലപ്പെട്ട് അത്രയും ശബ്ദമില്ലാത്ത നിശ്ശബ്ദമായ ശിബിരത്തിൽ നിന്ന് അയാൾ പുറത്തേക്ക് വന്നു.

(ii) പാട്ടുകേൾക്കാനും വാർത്തകൾ അറിയാനുമൊക്കെയായി അകലെ ദൂരത്തു നിന്നുള്ളവർപോലും അവിടെയെത്തിച്ചേർന്നു.

(c) പ്രയോഗം മാറ്റുക : *2 ×1=2*

(i) ദ്രൗണി അയാളെ ചവിട്ടിയുണർത്തി.

(ii) പുലർച്ചയ്ക്ക് മുമ്പ് കൊമ്പുവിളികൾ മുഴങ്ങുന്നത് വെള്ളായിയപ്പൻ കേട്ടു.

(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകുംവിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക : *2 ×1=2*

(i) തുണയ്ക്കുക

(ii) അലങ്കോലമാവുക

(iii) ഹൃദയോന്നതി

**6.** (a) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക. *5*

(i) പരസ്യങ്ങൾ ജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം.

**OR**

(ii) ലഹരിക്കടിമപ്പെടുന്ന കൗമാരം.

(b) നിങ്ങളുടെ പ്രദേശത്തെ കുടിവെള്ളക്ഷാമത്തെക്കുറിച്ച് പരാതിപ്പെട്ടുകൊണ്ടും, ഈ പ്രശ്നത്തിന് ഉടനെ പരിഹാരം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിങ്ങൾ പഞ്ചായത്ത് പ്രസിഡന്റിന് ഒരു കത്ത് തയ്യാറാക്കുക. *5*

(c) നിങ്ങളുടെ വിദ്യാലയ പരിസരത്ത് നിരന്തരം കുമിഞ്ഞു കൂടിയിരുന്ന മാലിന്യക്കൂമ്പാരം ഹരിതകർമ്മ സേനാംഗങ്ങളും വിദ്യാർത്ഥികളും ഒത്തുചേർന്ന് ശുചീകരിച്ചതിന് അഭിനന്ദനപ്രവാഹം- ഒരു പത്രവാർത്ത തയ്യാറാക്കുക. *4*

**7.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്കു വീതം) $2\times3=6$

(a) ചെമ്പു മത്തായി എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ വിലയിരുത്തുക.

(b) "യജമാനന്മാരെ എന്റെ കയ്യിൽ പണമില്ല" ആര് എപ്പോൾ പറഞ്ഞതാണ് ഈ വരികൾ ? സന്ദർഭം വിശദീകരിക്കുക.

(c) അശ്വത്ഥാമാവ് കണ്ണീരുമായി പലതും പറഞ്ഞ് വിലപിച്ചപ്പോൾ ദുര്യോധനൻ അശ്വത്ഥാമാവിനെ ആശ്വസിപ്പിച്ചത് എങ്ങനെ ?

**8.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക (ഓരോന്നിനും മൂന്നു മാർക്ക് വീതം) *2×3=6*

(a) "അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ, വിവേകികൾ" - സന്ദർഭവും ആശയവും വിവരിക്കുക.

(b) മഹാബലിയെ വരവേൽക്കാൻ പ്രകൃതി നടത്തുന്ന ഒരുക്കങ്ങൾ "ഓണമുറ്റത്ത്" എന്ന കവിതയെ ആസ്പദമാക്കി വിവരിക്കുക.

(c) എറിഞ്ഞു കളയൽ സംസ്കാരത്തിന്റെ ഉത്തമോദാഹരണമാണ് 'അമ്മത്തൊട്ടിൽ' എന്ന കവിത-വിശദീകരിക്കുക.

**9.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക (ഓരോന്നിനും മൂന്നു മാർക്ക് വീതം) *2×3=6*

(a) ജ്ഞാനപ്രജാഗരം എന്ന പേരിൽ ആരംഭിച്ച സമാജം കുഞ്ഞൻപിള്ളയ്ക്ക് ഒരത്താണിയായത് എങ്ങനെ ?

(b) കുഞ്ഞൻപിള്ള സർക്കാർ ഉദ്യോഗസ്ഥൻ ആയത് എങ്ങനെ ?

(c) കൂപക്കര പോറ്റിമാരുമായി കുഞ്ഞൻപിള്ളയ്ക്കുണ്ടായ അനുഭവങ്ങൾ വിവരിക്കുക.